**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 991** **18-09-2025 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുടെ അലൈൻമെന്റ് മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ കോതമംഗലം നിയോജകമണ്ഡലത്തിലെ ആറാം മൈൽ - എളംപ്ലാശ്ശേരി വഴി ഇടുക്കി ജില്ലയിലെ കുറത്തിക്കുടി - പെരുമ്പൻകുത്ത് ഭാഗത്തുകൂടി കടന്നു പോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റിൽ മാറ്റം വരുത്താൻ 05.01.2021-ൽ ബഹു: മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബഹു: മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05.10.2021-ൽ യോഗം ചേർന്ന് തീരുമാനം കൈകൊണ്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആറാം മൈൽ മുതൽ എളംപ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കേണ്ട അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള റോഡ് ഫണ്ട് ബോർഡ്, മൂവാറ്റുപുഴയുടെ 23.12.2024-ലെ കത്തിൽ ആറാം മൈൽ-എളംബ്ലാശ്ശേരി വരെയുള്ള ഭാഗം ഉൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടതിനെ തുടർന്ന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 01.02.2025-ൽ ആവശ്യമായ നിർദ്ദേശങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിരുന്നു. ആറാം മൈൽ എളംബ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുന്ന പ്രവർത്തികൾക്ക് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രൊപ്പോസൽ ഇതുവരെ ലഭ്യമായിട്ടില്ല. |
| (സി) | 05.01.2021-ലെ യോഗത്തിൽ തീരുമാനിച്ച പ്രകാരം ആറാം മൈൽ മുതൽ ഏളംപ്ലാശ്ശേരി വരെയുള്ള റോഡിന്റെ പുനരുദ്ധാരണത്തിന് വനംവകുപ്പിന്റെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 05.10.2021-ലെ യോഗ തീരുമാന പ്രകാരം വിശദമായ പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ ആവശ്യമായ പരിശോധനകൾ നടത്തി വകുപ്പ് തലത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ